**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3547** **21.12.2012 ൽ മറുപടിയ്ക്ക്**

## "കില" നടത്തിയ എസ്.സി / എസ്.റ്റി സർവ്വേ സ്കീം

| **ചോദ്യം**<br>**ശ്രീ. സി. മോയിൻകുട്ടി** | **ഉത്തരം**<br>**ഡോ: എം. കെ. മുനീർ**<br>**(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |
|---|---|
| എ) മുൻ സർക്കാർ എസ്.സി/ എസ്.റ്റി സർവ്വേ സ്കീം "കില"യെ ഏൽപ്പിച്ചിരുന്നോ; | എ) 'കില'യെ നോഡൽ ഏജൻസിയായി ഏൽപ്പിച്ചിരുന്നു. |
| ബി) എങ്ങനെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | ബി) പട്ടികവർഗ്ഗ സർവ്വേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, പട്ടികവർഗ്ഗ വികസന വകുപ്പും 'കില' യും സംയുക്തമായിട്ടും, പട്ടികജാതി സർവ്വേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പട്ടികജാതി വികസന വകുപ്പും, 'കില' യും സംയുക്തമായിട്ടാണ് നടപ്പിലാക്കിയത്. തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലാണ് വിവരശേഖരണം നടത്തിയത്. വാർഡ് തലത്തിൽ ഫെസിലിറ്റേറ്റർ, എന്യൂമറേറ്റർ, ഒബ്സർവർ എന്നിവരുൾപ്പെടുന്ന 3 പേരെയാണ് നിയോഗിച്ചിരുന്നത്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലാണ് സർവ്വേ പ്രവർത്തനം നടന്നത്. ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതി മേൽനോട്ടം വഹിച്ചു. തദ്ദേശീയരായ പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട പ്ലസ്ടു വരെ പഠിച്ച യുവതീ /യുവാക്കളെയാണ് സർവ്വേക്ക് നിയോഗിച്ചത്. സർവ്വേ ഫോറങ്ങൾ 'കില' തയ്യാറാക്കി അവയ്ക്കുള്ള പരിശീലനവും നൽകി. |

| | |
|---|---|
| സി) പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെയാണ് സ്വരൂപിച്ചത്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ എത്ര രൂപ നൽകി; മറ്റ് ഏജൻസികൾ / സ്ഥാപനങ്ങൾ എത്ര തുക നൽകി; | സി) പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതിക്കാവശ്യമായ ഫണ്ട് സ്വരൂപിച്ചത്. 10.12.2012 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി സർവ്വേക്ക് 63,38,621 രൂപയും പട്ടികവർഗ്ഗ സർവ്വേക്ക് 67,81,398 രൂപയും നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ഇതുവരെ 5,15,100 രൂപയും, പട്ടികവർഗ്ഗ വികസന വകുപ്പ് ഇതുവരെ 76,87,000 രൂപയും നൽകി. |
| ഡി) സർവ്വേ എന്ന് പൂത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്; എത്ര പ്രാവശ്യം കാലാവധി നീട്ടി നൽകി; | ഡി) പട്ടികവർഗ്ഗ സർവ്വേ 6 മാസം കൊണ്ട് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത് 2008 ഏപ്രിൽ 15 ന് തുടങ്ങി അത് 2 തവണ നീട്ടി 2011 മാർച്ച് 31 ന് അവസാനിച്ചു. പട്ടികജാതി സർവ്വേ 6 മാസം കൊണ്ട് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. 2008 ഡിസംബർ 31 ന് തുടങ്ങി അത് 3 തവണ നീട്ടി 2012 മെയ് 31 ന് അവസാനിച്ചു. |
| ഇ) സർവ്വേയുടെ മേൽനോട്ട ചുമതല ആർക്കാണ് നൽകിയത്; | ഇ) പട്ടികവർഗ്ഗ സർവ്വേയുടെ മേൽനോട്ട ചുമതല 'കില' നിയമിച്ചിട്ടുള്ള കൺസൾട്ടന്റ് ശ്രീ. ഇ.ജി. ജോസഫിനും, പട്ടികജാതി സർവ്വേയുടെ മേൽനോട്ട ചുമതല 'കില' നിയമിച്ചിട്ടുള്ള കൺസൾട്ടന്റ് ശ്രീ. ഒ.ജെ. ജോണിനും ആയിരുന്നു. ഇതു കൂടാതെ തിരുവനന്തപുരത്ത് അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഡേറ്റാ പ്രോസസിംഗ് സെന്ററിലെ മേൽനോട്ടം ടെക്നിക്കൽ എക്പർട്ട് ശ്രീ.സുകുമാരനും, കമ്പ്യൂട്ടർ എക്സ്പർട്ട് ശ്രീ. ബസന്ത്കുമാറിനും ആയിരുന്നു. |
| എഫ്) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | എഫ്) പട്ടികവർഗ്ഗ സർവ്വേക്കായി 2,12,32,498 രൂപയും, പട്ടികജാതി സർവ്വേക്കായി 2,57,79,017 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള ചെലവ് അനുബന്ധമായി വയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പട്ടികജാതി സങ്കേതങ്ങളുടേയും, കുടുംബങ്ങളുടേയും അടിസ്ഥാന വിവരശേഖരണം വന്ന ചെലവ് | |
|---|---|
| അച്ചടി | 1944095 |
| പരിശീലനങ്ങൾ, വർക്ക്ഷോപ്പ് | 3338623 |
| വിവരശേഖരണം | 432718 |
| ഫോറം പരിശോധന | 1020519 |
| സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ് | 150298 |
| ഡേറ്റാ എൻട്രി | 14342258 |
| ഹോണറേറിയവും യാത്രാ പടിയും | 2041881 |
| അഡ്മിനിസ്ട്രേഷൻ | 244763 |
| കൊറിയർ | 191533 |
| വാഹനവാടക, കയറ്റിറക്ക്കൂലി, പ്രന്റർ, സ്റ്റേഷനറി, ഹാൾവാടക, കമ്പ്യൂട്ടർ വാടക, സ്റ്റേഷനറി, ടെലഫോൺചാർജ്ജ്, ഭക്ഷണചെലവ്, പരിശീലന ചെലവുകൾ, മറ്റ് ചെലവുകൾ | 2072329 |
| ആകെ | 2,57,79,017 |

| പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം വന്ന ചെലവ് | |
|---|---|
| അച്ചടി | 2369032 |
| വിവരശേഖരണം | 4086190 |
| ഫോറം പരിശോധന | 1356678 |
| ഫോറങ്ങൾ ഡേറ്റാ എൻട്രി കേന്ദ്രത്തിൽ എത്തിക്കൽ | 68118 |
| സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ് | 156215 |
| ഡേറ്റാ എൻട്രി | 2819949 |
| ഹോണറേറിയവും യാത്രാ പടിയും | 611948 |
| കരട് റിപ്പോർട്ട് തയ്യാറാക്കൽ | 11066 |
| റിപ്പോർട്ട് ജനറേഷൻ | 376742 |
| അഡ്മിനിസ്ട്രേഷൻ | 42000 |
| കൊറിയർ | 190992 |
| വാഹനവാടക, കയറ്റിറക്ക്കൂലി, പ്രന്റർ, സ്റ്റേഷനറി, ഹാൾവാടക, കമ്പ്യൂട്ടർ വാടക, സ്റ്റേഷനറി, ടെലഫോൺചാർജ്ജ്, ഭക്ഷണചെലവ്, പരിശീലന ചെലവുകൾ, മറ്റ് ചെലവുകൾ | 9143568 |
| ആകെ | 2,12,32,498 |

(signature)

സെക്ഷൻ ഓഫീസർ